# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.4164** **25.06.2018 ലെ മറുപടി**

## ചാലിയാർ പുഴയിൽ റഗുലേറ്ററുകളും/തടയണകളും/ റഗുലേറ്റർ കം ബ്രിഡ്ജുകളും

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പി.വി.അൻവർ :** | **മാത്യു ടി. തോമസ്**<br>**(ജലവിഭവ വകുപ്പുമന്ത്രി)** |
| (എ) നിലമ്പൂർ കളത്തിൻ കടവിൽ ചാലിയാർ പുഴയിൽ റഗുലേറ്റർ സ്ഥാപിക്കുന്ന പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണ്; ഈ പദ്ധതി എന്ന് തുടങ്ങാനാണ് ഉദ്ദേശിക്കുന്നത്; | (എ) നിലമ്പൂർ കളത്തിൻ കടവിൽ ചാലിയാർ പുഴയിൽ ഒരു റഗുലേറ്റർ കിഫ്ബിയുടെ ധനസഹായത്തോടെ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ പര്യവേഷണ പ്രവൃത്തികൾ പൂർത്തിയാക്കി രൂപകല്പനയ്ക്കായി നടപടിയെടുത്തു വരുന്നു. പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി കിഫ്ബിയുടെ അനുമതി ലഭിക്കുന്ന മുറയ്ക്ക് മറ്റു നടപടി ക്രമങ്ങൾ പൂർത്തിയാക്കി പദ്ധതി തുടങ്ങുന്നതാണ്. |
| (ബി) ജലവിഭവ വകുപ്പ് നിലവിൽ ചാലിയാർ പുഴയിൽ എത്ര തടയണകളും റഗുലേറ്ററുകളും നിർമ്മിച്ചിട്ടുണ്ട്; ഏതൊക്കെ സ്ഥലങ്ങളിലാണ് നിർമ്മിച്ചത്; | (ബി) ചാലിയാർ പുഴയിൽ മൂന്ന് റെഗുലേറ്റർ കം ബ്രിഡ്ജുകൾ ജലസേചന വകുപ്പ് നിർമ്മിച്ചിട്ടുണ്ട്.<br>1. വാഴക്കാട് പഞ്ചായത്തിലെ ഊർക്കടവിൽ കവണക്കല്ല് റെഗുലേറ്റർ കം ബ്രിഡ്ജ്<br>2. മമ്പാട് പഞ്ചായത്തിലെ ഓടയിക്കലിൽ ഓടായിക്കൽ റെഗുലേറ്റർ കം ബ്രിഡ്ജ്<br>3. ചുങ്കത്തറ പഞ്ചായത്തിലെ പൂക്കോട്ടുമണ്ണയിൽ പൂക്കോട്ടുമണ്ണ റെഗുലേറ്റർ കം ബ്രിഡ്ജ് |

| | |
|---|---|
| (സി) ചാലിയാർ പുഴയിൽ ഏതെല്ലാം കുടിവെള്ള പദ്ധതികളുടെ സ്രോതസ്സുകളിൽ തടയണയും റഗുലേറ്ററുകളും സ്ഥാപിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ; | സി) ചാലിയാർ പുഴ സ്രോതസ്സായുള്ള കുടിവെള്ള പദ്ധതികൾക്ക മാത്രമായി റെഗുലേറ്ററുകളും തടയണകളും നിലവിലില്ല. എന്നാൽ ചാലിയാർ പുഴ സ്രോതസ്സായി കേരള വാട്ടർ അതോറിറ്റിയുടെ കീഴിലിലുള്ള (1) ചീക്കോട് കുടിവെള്ള പദ്ധതി, (2) വാഴക്കാട് കുടിവെള്ള പദ്ധതി, (3) കീഴുപറമ്പ് കുടിവെള്ള പദ്ധതി, (4) കാവനൂർ കുടിവെള്ള പദ്ധതി, (5) അരീക്കോട് കുടിവെള്ള പദ്ധതി, (6) മഞ്ചേരി കുടിവെള്ള പദ്ധതി, (7) കോഴിക്കോട് കുടിവെള്ള പദ്ധതി എന്നിവയ്ക്ക് ജലസേചന വകുപ്പ് നിർമ്മിച്ചിട്ടുള്ള കവണക്കല്ല് റഗുലേറ്ററിന്റെയും (8) വണ്ടൂർ കുടിവെള്ള പദ്ധതിക്ക് ഓടായിക്കൽ റെഗുലേറ്ററിന്റേയും പ്രയോജനം ലഭിക്കുന്നുണ്ട്.<br><br>ഇതിനുപുറമെ നിലമ്പൂരിലെ കളത്തിൽക്കടവിൽ നിലമ്പൂര്, അമരമ്പലം കുടിവെള്ളപദ്ധതികൾക്കുവേണ്ടി കേരള വാട്ടർ അതോറിറ്റി വരൾച്ചസമയത്ത് ഒരു താൽക്കാലിക തടയണ നിർമ്മിക്കാറുണ്ട്. |
| (ഡി) പുതുതായി എവിടെയൊക്കെയാണ് റഗുലേറ്ററുകളും/ തടയണകളും/ റഗുലേറ്റർ കം ബ്രിഡ്ജുകളും സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ? | (ഡി) കളത്തിൻകടവ് റെഗുലേറ്റർ കൂടാതെ കിഫ്ബിയുടെ ധനസഹായത്തോടെ ചാലിയാർപ്പുഴയിൽ എടവണ്ണ പഞ്ചായത്തിൽ പന്നിപ്പാറ - പള്ളിമുക്കിൽ ചാലിയാർപുഴയ്ക്കു കുറുകെ റെഗുലേറ്റർ നിർമ്മിക്കാനും തീരുമാനിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**